## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5650** **08-07-2024 - ൽ മറുപടിയ്ക്ക്**

## സോഷ്യൽ മീഡിയ മുഖേന അപവാദ പ്രചാരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സോഷ്യൽ മീഡിയയിൽ നേരിട്ട അപവാദ പ്രചാരണങ്ങൾക്കെതിരെ സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 349/പെറ്റീഷൻ/ സി.സി.പി.എസ്/ഡി.ആർ/22 നമ്പർ പരാതിയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് റൂറൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ നമ്പർ 349/പെറ്റീഷൻ/സി.സി.പി.എസ്/ ഡി.ആർ/22 പരാതിയുമായി ബന്ധപ്പെട്ട് "Rashi Oz" എന്ന ഫേസ് ബുക്ക് ഐഡിയുടെ ലോഗിൻ വിവരങ്ങൾ ലഭിക്കുന്നതിനായി ഫേസ് ബുക്ക് ലീഗൽ എൻഫോഴ്സ്മെന്റ് ഏജൻസിക്ക് സൈബർ സെൽ മുഖാന്തിരം അപേക്ഷ നൽകിയിരുന്നു. എന്നാൽ ഫേസ് ബുക്കിന് ബാധകമായ നിയമത്തിനും അവരുടെ സേവന നിബന്ധനകൾക്കും കീഴിൽ ഒരു പരസ്പര നിയമ സഹായ ഉടമ്പടി അപേക്ഷയോ അല്ലെങ്കിൽ ഈ വിവരങ്ങൾ ഹാജരാക്കുന്നതിന് ലെറ്റർ റൊഗേറ്ററി ആവശ്യമാണെന്ന് അറിയിക്കുകയുണ്ടായി. ആയതിനാൽ കുറ്റവാളിയെ കണ്ടെത്തി അനന്തര നടപടി സ്വീകരിക്കാൻ കഴിയാത്ത കാര്യം പരാതിക്കാരനായ ബഹു.എം.എൽ.എ യെ 07/10/2022 തീയതിയിലെ No. 349/പെറ്റീഷൻ/സി.സി.പി.എസ്/ഡി.ആർ/22 കത്ത് പ്രകാരം കോഴിക്കോട് റൂറൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ നിന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| (ബി) | രാജ്യത്തിന് പുറത്ത് നിന്നുള്ള ഫേസ്ബുക്ക്, വാട്ട്സപ്പ് പ്രൊഫൈലുകളിൽ നിന്നും സംസ്ഥാനത്തുള്ള പൊതുപ്രവർത്തകരെ അപകീർത്തിപ്പെടുത്തുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇത്തരത്തിലുള്ള പ്രൊഫൈലുകൾ ബ്ലോക്ക് ചെയ്യാൻ സാധിക്കുമോ; വ്യക്തമാക്കാമോ? | (ബി) | രാജ്യത്തിന് പുറത്ത് നിന്നുള്ള ഫേസ് ബുക്ക്, വാട്സാപ്പ് പ്രൊഫൈലുകളിൽ നിന്നും സംസ്ഥാനത്തുള്ള പൊതു പ്രവർത്തകരെ അപകീർത്തിപ്പെടുത്തുന്നതായി പരാതികൾ ലഭിക്കുന്ന മുറക്ക് ഇത്തരത്തിലുള്ള പ്രൊഫൈലുകൾ ബ്ലോക്ക് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പോലീസിന് നേരിട്ട് എടുക്കാവുന്ന കുറ്റകൃത്യങ്ങൾ വെളിപ്പെടുന്ന കേസുകളിൽ അത്തരം സന്ദേശങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്യുന്നതിന് ഐ.ടി. നിയമത്തിലെ സെക്ഷൻ 79(3)(b) പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. മേൽ സന്ദേശങ്ങളുടെ ഉള്ളടക്കം, പോസ്റ്റ് ചെയ്യുന്ന വ്യക്തികളുടെ |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് The Information Technology (Intermediary Guidelines and Digital Media Ethics Code) Rules, 2021-ലെ റൂൾ 4(2) പ്രകാരവും വാട്സ് ആപ്പിനും ഫേസ് ബുക്കിനും നോട്ടീസ് നൽകിയിരുന്നു. എന്നാൽ വാട്സ് ആപ്പും ഫേസ് ബുക്കും അത്തരം നോട്ടീസുകൾക്ക് കൃത്യസമയത്ത് മറുപടി നൽകാറില്ല. ഈ വിവരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെയും ഇൻഡ്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്ററിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ